# ഇന്ത്യയും സാമ്പത്തികാസൂത്രണവും

---

**Que.1. ചുവടെ നൽകിയിരിക്കുന്നവയിൽ പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ ഊന്നൽ മേഖല ഏത്? [Marks :(1)]**

**a) ദാരിദ്ര്യ നിർമാർജനം**

**b) മുഴുവൻ ജനവിഭാഗങ്ങളുടെയും സമഗ്രവികസനം**

**c) മാനവവിഭവശേഷി വികസനം**

**d) സുസ്ഥിരവികസനം**

**Ans.** b) മുഴുവൻ ജനവിഭാഗങ്ങളുടെയും സമഗ്രവികസനം

**Que.2. 1950-ൽ രൂപീകൃതമായ ആസൂത്രണ കമ്മീഷൻ മുന്നോട്ട് വച്ച സാമ്പത്തികാസൂത്രണത്തിന്റെ ലക്ഷ്യ ങ്ങളിൽപ്പെടാത്തത് ഏത്?**

**a) തുല്യത [Marks :(1)]**

**b) സുസ്ഥിരവികസനം**

**c) വളർച്ച**

**d) സ്വാശ്രയത്വം**

**Ans.** b) സുസ്ഥിരവികസനം

**Que.3. ചുവടെ നൽകിയിരിക്കുന്നവയിൽ നീതി ആയോഗിന്റെ[Marks :(1)] ലക്ഷ്യങ്ങളിൽപ്പെടാത്തത് ഏത്? (1)**

**a) കാർഷിക മേഖലയിൽ മിശ്രകാർഷിക ഉല്പാദനം**

**b) വ്യവസായ – സേവന മേഖലകളിൽ സർക്കാർ പങ്കാളിത്തം കുറയ്ക്കുക**

**c) പ്രവാസി ഇന്ത്യക്കാരുടെ വളർച്ചയ്ക്ക് ഉപയുക്തമാക്കുക**

**d) അധികാരവും സാമ്പത്തിക വിഭവങ്ങളും പ്രാദേശിക വികസനത്തിന് വിനിയോഗിക്കുന്നതിന് പഞ്ചായത്തുകളെ പ്രാപ്തരാക്കുക**

**Ans.** അധികാരവും സാമ്പത്തിക വിഭവങ്ങളും പ്രാദേശിക വികസനത്തിന് വിനിയോഗിക്കുന്നതിന് പഞ്ചായത്തുകളെ പ്രാപ്തരാക്കുക

**Que.4. നീതി ആയോഗിന്റെ ഭരണസമിതിയിലെ അനൗദ്യോഗിക അംഗങ്ങൾ ആരെല്ലാം [Marks :(1)]**

**Ans**. പ്രധാനമന്ത്രി നിയോഗിക്കുന്ന നാല് കേന്ദ്ര മന്ത്രിമാർ

**Que.5. ഇന്ത്യൻ ആസൂത്രണ കമ്മീഷന് പകരം വന്ന സംവിധാനം ഏത്? ഇതിന്റെ അദ്ധ്യക്ഷനാര്?** **[Marks :(2)]**

**Ans.** നീതി ആയോഗ്

പ്രധാനമന്ത്രി

**Que.6. ത്രിതല പഞ്ചായത്തിലെ വിവിധ തലങ്ങളുടെ പേരെഴുത്തുക**

**[Marks :(3)]**

**Ans.**

- ഗ്രാമ പഞ്ചായത്ത്
- ബ്ലോക്ക് പഞ്ചായത്ത്
- ജില്ലാ പഞ്ചായത്ത്

**Que.7. 73, 74 ഭരണഘടനാ ഭേദഗതി നിയമങ്ങൾ ഇന്ത്യയിൽ കൊണ്ടുവന്ന ഭരണസംവിധാനങ്ങൾ ഏവ?**

**[Marks :(2)]**

**Ans.** പഞ്ചായത്തിരാജ്, നഗരപാലികസംവിധാനങ്ങൾ

**Que.8. പഞ്ചവൽസര പദ്ധതികളിലൂടെ കാർഷിക മേഖലയിൽ നടപ്പിലാക്കിയ എന്തെല്ലാം പരിപാടികളാണ് ഹരിതവിപ്ലവത്തിലേക്ക് നയിച്ചത്?**

**[Marks :(4)]**

**Ans.**

- അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ
- ജലസേചന സൗകര്യങ്ങൾ
- രാസവളം,കീടനാശിനികൾ എന്നിവയുടെ പ്രയോഗം
- കുറഞ്ഞ പലിശയിൽ സാമ്പത്തിക സഹായം

**Que.9. ഇന്ത്യയിലെ പഞ്ചവൽസര പദ്ധതികളെക്കുറിച്ച് ചുവടെ നൽകിയിരക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (4)**

**a) പഞ്ചവൽസര പദ്ധതികൾ ഇന്ത്യയിൽ നടപ്പിലാക്കുന്നതിന് ഏത് രാജ്യത്തിന്റെ ആസൂത്രണ മാതൃകയണ് ഇന്ത്യ സ്വീകരിച്ചത്**

**b) ഇന്ത്യൻ പഞ്ചവൽസര പദ്ധതികളുടെ ഉദ്ദേസ്യം എന്തായിരുന്നു**

**c) ഒന്നും രണ്ടും പഞ്ചവൽസര പദ്ധതികളുടെ ഊന്നൽ മേഖലകളേവ?**

**[Marks :(4)]**

**Ans.**

- a) സോവിയറ്റ് യൂണിയൻ (1)
- b) ഒരു പ്രത്യേക മേഖലയ്ക്ക് മുൻഗണന നൽകി അഞ്ചുവർഷംകൊണ്ട് ലക്ഷ്യം നേടുക എന്നതാണ് പഞ്ചവൽസര പദ്ധകിളുടെ ഉദ്ദേശ്യം (1)
- c) കാർഷികമേഖല, വ്യാവസായിക മേഖല

**Que.10. പ്രാദേശികവികസനം സാധ്യമാക്കുന്നതിന് പഞ്ചായത്തുകളെ എങ്ങനെ തരംതിരിച്ചിരിക്കുന്നു.**

**ഓരോന്നിന്റെയും പ്രവർത്തനം വിശദമാക്കുക.**

**[Marks :(6)]**

**Ans.**

- ഗ്രാമപഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത്,ജില്ലാ പഞ്ചായത്ത്(3)
- ഗ്രാമപഞ്ചായത്ത്

  - പ്രദേശിക വികസന ആവശ്യങ്ങൾ വാർഡുതല ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നു.

  - ആവശ്യങ്ങൾ ക്രോഡീകരിച്ച് പദ്ധതികളായി സമർപ്പിക്കുന്നു. (1)
- ബ്ലോക്ക് പഞ്ചായത്ത്

  - ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ വിലയിരുത്തി മുൻഗണനാക്രമത്തിൽ ജില്ലാ തലത്തിലേക്ക് സമർപ്പിക്കുന്നു. (1)
- ജില്ലാ പഞ്ചായത്ത്

  - ബ്ലോക്ക് പഞ്ചായത്ത് പരിശോധിച്ച് പദ്ധതികൾക്ക് ജില്ലാപ്ലാനിംഗ് കമ്മിറ്റി അംഗീകാരം നൽകുന്നു.

  - സംസ്ഥാന ആസൂത്രബോർഡിംഗ് ഇവ കൈമാറുന്നു.(1)

**Que.11. കേന്ദ്രീകൃതാസൂത്രണവും വികേന്ദ്രീകൃതാസൂത്രണവും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം എന്ത് ?.**

**[Marks :(2)]**

**Ans.**

- ദേശീയതലത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരുന്ന രീതിയാണ് കേന്ദ്രീകൃത ആസൂത്രണം.(1)
- അധികാരങ്ങളും സാമ്പത്തിക വിഭവങ്ങളും പ്രാദേശിക വികസനത്തിന് വിനിയോഗിക്കാൻ ത്രിതലപഞ്ചയത്തുകൾക്ക് അവസരം നൽകുന്നതാണ് വികേന്ദ്രീകൃതാസൂത്രണം (1)

**Que.12. സുസ്ഥിരവികസനം ലക്ഷ്യമിട്ട പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ കാലയളവ്?**

**(2012 – 2017, 1997-2002, 2002-2007, 2007-2012)**

**[Marks :(1)]**

**Ans.** 2012 – 2017

**Que.13. ഏഴാം പഞ്ചവൽസര പദ്ധതിയുടെ പ്രധാന ലക്ഷ്യം എന്തായിരുന്നു?**

**[Marks :(1)]**

**Ans.** ആധുനികവൽക്കരണം - തൊഴിലവസരങ്ങളുടെ വർധനവ്

**Que.14. ദാരിദ്ര്യനിർമാർജനം ലക്ഷ്യമിട്ട ഇന്ത്യയുടെ പഞ്ചവൽസരപദ്ധതി ഏത്? (1)**

**(ഒന്നാം പഞ്ചവൽസര പദ്ധതി, രണ്ടാം പഞ്ചവൽസര പദ്ധതി, നാലാം പഞ്ചവൽസര പദ്ധതി, അഞ്ചാം പഞ്ചവൽസര പദ്ധതി)**

**[Marks :(1)]**

**Ans.** അഞ്ചാം പഞ്ചവൽസര പദ്ധതി

**Que.15. ധവള വിപ്ലവം, നീല വിപ്ലവം എന്നിവകൊണ്ട് അർഥമാക്കുന്നതെന്ത്?**

**[Marks :(2)]**

**Ans.**

- ധവള വിപ്ലവം - പാൽ , പാലുല്പന്നങ്ങൾ എന്നിവയിൽ ഉണ്ടായ വർദ്ധനവ്
- നീല വിപ്ലവം - മൽത്സ്യോൽപ്പാദന മേഖലയിലുണ്ടായ ഗണ്യമായ പുരോഗതി

**Que.16. ഹരിതവിപ്ലവം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്? ഹരിതവിപ്ലവത്തിന്റെ ഫലമെന്ത്?**

**[Marks :(4)]**

**Ans.**

- അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ, ജലസേചന സൗകര്യങ്ങൾ, രാസവളം, കീടനാശിനികൾ, കുറഞ്ഞ പലിശയിൽ സാമ്പത്തിക സഹായം എന്നിവ ഉപയോഗപ്പെടുത്തി കാർഷിക ഉൽപാദനത്തിൽ വരുത്തിയ ഗണ്യമായ പുരോഗതിയാണ് ഹരിതവിപ്ലവം(2)

- ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ ,പ്രത്യേകിച്ച് നെല്ല്, ഗോതമ്പ് എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനും വിദേശ ആശ്രയത്വം ഇല്ലാതാക്കാനും കഴിഞ്ഞു.(2)

**Que.17. "അണക്കെട്ടുകൾ ഇന്ത്യയുടെ വികസനത്തിന്റെ മഹാക്ഷേത്രങ്ങൾ" - ഇങ്ങനെ അഭിപ്രായപ്പെട്ടത് ആര്?**

**(ജവഹർലാൽ നെഹ്റു ,ഗാന്ധിജി ,എം. എൻ. റോയ് ,എം. വിശ്വേശ്വരയ്യ )**

**[Marks :(1)]**

**Ans**. ജവഹർലാൽ നെഹ്റു

**Que.18. ഏതു വർഷമാണ് ഇന്ത്യയിൽ ആസൂത്രണകമ്മീഷന് രൂപം നൽകിയത്? ഏത് രാജ്യത്തിന്റെ ആസൂത്രണ മാതൃകയാണ് ഇന്ത്യ സ്വീകരിച്ചത്?**

**[Marks :(1)]**

**Ans.** 1950, സോവിയറ്റ് യൂണിയൻ

**Que.19. ആധുനികവൽക്കരണം രാഷ്ട്രപുരോഗതിയ്ക്ക് സഹായകമാകുന്നതെങ്ങനെയെന്ന് വിശദമാക്കുക.**

**[Marks :(4)]**

**Ans.**

- ആധുനികവൽക്കരണം സമയലാഭവും സാമ്പത്തിക നേട്ടവുമുണ്ടാക്കുന്നു.(1)
- ജീവിതനിലവാരവും സുരക്ഷിതത്വവും വർധിപ്പിക്കുന്നു.(1)
- ഗവൺമെന്റിന്റെ സേവനങ്ങൾ വളരെ വേഗം ജനങ്ങളിലെത്തിക്കുന്നു .(1)
- സ്ത്രീകളുടെ അവകാശസംരക്ഷണം, സാമൂഹിക സുരക്ഷിതത്വം, സാമൂഹിക മാറ്റങ്ങൾ എന്നിവയുണ്ടായി(1)

**Que.20. "ആധുനികവൽക്കരണം നൂതനസാങ്കേതിക വിദ്യയുടെ പ്രയോജനപ്പെടുത്തൽ മാത്രമല്ല സമൂഹത്തിന്റെ കാഴ്ചപ്പാടിലുള്ള മാറ്റം കൂടിയാണ്". പ്രസ്താവന സാധൂകരിക്കുക.**

**[Marks :(3)]**

**Ans.** ആധുനികവൽക്കരണത്തിന്റെ ഭാഗമായി സ്ത്രീകളുടെ അവകാശസംരക്ഷണം,സാമൂഹിക സുരക്ഷിതത്വം, പുതിയ സാമൂഹിക മാറ്റങ്ങൾ എന്നിവ കൂടി ലക്ഷ്യമാക്കിയിട്ടുണ്ട്

**Que.21. ചുവടെ ചേർത്തിരിക്കുന്ന പ്രസ്താവനകൾ ഇന്ത്യൻ സാമ്പത്തിക ആസൂത്രണത്തിന്റെ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ടതാണ് . ആ ലക്ഷ്യങ്ങൾ ഏതെന്ന്എഴുതുക.**

**a) സാങ്കേതികവിദ്യയുടെ വികാസം ഉല്പാദനവർധനവിനും മനുഷ്യപ്രയത്നത്തിന്റെ ലഘൂകരണ ത്തിനും കാരണമാകുന്നു.**

**b) കൃഷിയിലും വ്യവസായത്തിലും സേവനമേഖലയിലും സ്വയംപര്യാപ്തത നേടാൻ കഴിയുന്നു.**

**[Marks :(2)]**

**Ans.**

- ആധുനികവൽക്കരണം
- സ്വാശ്രയത്വം

**Que.22. ഇന്ത്യൻ സാമ്പത്തിക ആസൂത്രണത്തിന്റെ ചില ലക്ഷ്യങ്ങൾ താഴെ നൽകിയിരിക്കുന്നു.അവ വിശദമാക്കുക.**

**a) തുല്യത**

**b) വളർച്ച**

**[Marks :(4)]**

**Ans.**

- തുല്യത

  ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും അടിസ്ഥാന ആവശ്യങ്ങളായ ആഹാരം, വസ്ത്രം,പാർപ്പിടം, വിദ്യാഭ്യാസം, കുടിവെള്ളം, ആരോഗ്യരക്ഷ തുടങ്ങിയവ നിറവേറ്റുകയും സമ്പത്തിന്റെ നീതിപുർവമായ വിതരണം സാധ്യമാവുകയും ചെയ്യുക എന്നതാണ് തുല്യത.


- വളർച്ച

  രാജ്യത്തെ മൊത്തം സാധനങ്ങളുടെയും സേവനങ്ങളുടെയും ഉല്പാദനവർദ്ധനവാണ് വളർച്ച

  പ്രാഥമിക, ദ്വിതീയ, ത്രിതീയ മേഖലകളിലെ ഉല്പാദന വർദ്ധനവിന്റെ അടിസ്ഥാനത്തിലാണ് വളർച്ച കണക്കാക്കുന്നത്.

**Que.23.**

ഇന്ത്യൻ സാമ്പത്തികാസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ കാണിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക.




**[Marks :(3)]**

**Ans.**

- തുല്യത (1)
- വളർച്ച(1)
- സ്വാശ്രയത്വം(1)


**Que.24. 'ഇന്ത്യയുടെ ആസൂത്രിതസമ്പദ് വ്യവസ്ഥ'എന്ന വിഖ്യാതഗ്രന്ഥം രചിച്ചതാര് ?**

**[Marks :(1)]**

**Ans**. എം. വിശ്വേശ്വരയ്യ

**Que.25. ഇന്ത്യൻ സാമ്പത്തിക ആസൂത്രണത്തിന്റെ നാൾവഴികൾ കാണിക്കുന്ന ഫ്ലോചാർട്ട് പൂർത്തിയാക്കുക.**

**[Marks :(2)]**




**Ans.** a) ബോംബെ പദ്ധതി

b) ജനകീയപദ്ധതി - വ്യവസായിക നയ രൂപീകരണണം

**Que.26. സാമ്പത്തികാസൂത്രണം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്? സാമ്പത്തികാസൂത്രണം രാജ്യ പുരോഗതിക്ക് സഹായകമാകുന്നതെങ്ങനെ?**

**[Marks :(3)]**

**Ans.**

- ലഭ്യമായ വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി സമൂഹത്തിന്റെ പ്രധാന സാമ്പത്തിക ലക്ഷ്യങ്ങൾ നേടാൻ നടത്തുന്ന മുന്നൊരുക്കമാണ് സാമ്പത്തികാസൂത്രണം
- ലഭ്യമായ വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നു
- സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്നു

**Que.27. ആധുനികവൽക്കരണം രാഷ്ട്രപുരോഗതിയ്ക്ക് സഹായകമാകുന്നതെങ്ങനെയെന്ന് വിശദമാക്കുക.**

**[Marks :(4)]**

**Ans.**

- ആധുനികവൽക്കരണം സമയലാഭവും സാമ്പത്തിക നേട്ടവുമുണ്ടാക്കുന്നു.(1)
- ജീവിതനിലവാരവും സുരക്ഷിതത്വവും വർധിപ്പിക്കുന്നു.(1)
- ഗവൺമെന്റിന്റെ സേവനങ്ങൾ വളരെ വേഗം ജനങ്ങളിലെത്തിക്കുന്നു .(1)
- സ്ത്രീകളുടെ അവകാശസംരക്ഷണം, സാമൂഹിക സുരക്ഷിതത്വം, സാമൂഹിക മാറ്റങ്ങൾ എന്നിവയുണ്ടായി(1)

**Que.28. "ആധുനികവൽക്കരണം നൂതനസാങ്കേതിക വിദ്യയുടെ പ്രയോജനപ്പെടുത്തൽ മാത്രമല്ല സമൂഹത്തിന്റെ കാഴ്ചപ്പാടിലുള്ള മാറ്റം കൂടിയാണ്". പ്രസ്താവന സാധൂകരിക്കുക.**

**[Marks :(2)]**

**Ans.** ആധുനികവൽക്കരണത്തിന്റെ ഭാഗമായി സ്ത്രീകളുടെ അവകാശസംരക്ഷണം,സാമൂഹിക സുരക്ഷിതത്വം, പുതിയ സാമൂഹിക മാറ്റങ്ങൾ എന്നിവ കൂടി ലക്ഷ്യമാക്കിയിട്ടുണ്ട്

**Que.29. ചുവടെ നൽകിയിരിക്കുന്ന ആസൂത്രണ രീതികൾ ഏതെല്ലാം**

**a) ദേശീയതലത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു(1)**

**b) അധികാരവും സാമ്പത്തിക വിഭവങ്ങളും ത്രിതല പഞ്ചായത്തുകൾ പ്രദേശിക വികസനത്തിന് വിനിയോഗിക്കുന്നു.(1)**

**[Marks :(3)]**

**Ans.**

- **a) കേന്ദ്രീകൃതാസൂത്രണം**
- **b) വികേന്ദ്രീകൃതാസൂത്രണം**

**Que.30. വ്യവസായ - സേവന മേഖലകളിൽ സർക്കാർ പങ്കാളിത്തം കുറയ്ക്കുക എന്നത് നീതി ആയോഗിന്റെ ഒരുലക്ഷ്യമാണ്. മറ്റ് ലക്ഷ്യങ്ങൾ ഏവ?**

**[Marks :(5)]**

**Ans.**

- കാർഷിക മേഖലയെ മിശ്രകാർഷിക ഉല്പാദനത്തിലൂടെ പുരോഗതിയിലേക്ക് എത്തിക്കുക
- പ്രബല മധ്യവർഗത്തെ സുസ്ഥിര സാമ്പത്തിക വളർച്ച നേടാൻ പ്രയോജനപ്പെടുത്തുക
- പ്രവാസി ഇന്ത്യക്കാരുടെ സേവനം - സാമ്പത്തിക സാങ്കേതിക വളർച്ചയ്ക്ക് ഉപയുക്തമാക്കുക

- ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നഗരങ്ങളെ സുരക്ഷിത ആവാസ കേന്ദ്രങ്ങളാക്കി മാറ്റുക
- ആഗോള മാറ്റങ്ങളുടെയും വിപണിശക്തികളുടെയും ഇടപെടലുകൾ നേരിടാൻ രാജ്യത്തെ പ്രാപ്തമാക്കുക